പതിന്നാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1457 — 30/01/2018 ൽ മറുപടിയ്ക്ക്

# സർവേയർ ഗ്രേഡ് 2 നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സെക്കന്റ് ഗ്രേഡ് സർവ്വേയർ ലിസ്റ്റ് നിലവിൽ വന്നതും അവസാനിക്കുകയും ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; എത്ര സർവ്വേയർ ഗ്രേഡ് 2 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കാമോ; സർവ്വേയർ ഗ്രേഡ് 2 ൽ പരീക്ഷ നടന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;<br>(ബി) പരീക്ഷയ്ക്ക് ശേഷം മെയിൻലിസ്റ്റും സപ്ലിമെന്ററി ലിസ്റ്റും അടക്കം എത്രപേരുടെ ലിസ്റ്റാണ് ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകളാണ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) സെക്കന്റ് ഗ്രേഡ് സർവ്വേയർ റാങ്ക് ലിസ്റ്റ് 15/11/2008 ന് നിലവിൽ വരികയും 14/05/2013 ൽ അവസാനിക്കുകയും ചെയ്തു. ഈ പട്ടികയിൽ മുഖ്യപട്ടികയിൽ ആകെ 2612 പേരാണ് ഉൾപ്പെട്ടിരുന്നത്. സപ്ലിമെന്ററി ലിസ്റ്റിൽ ആരും ഉൾപ്പെട്ടിരുന്നില്ല. നിലവിൽ 133 സർവ്വേയർ ഗ്രേഡ് 2 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. സർവ്വെയർ ഗ്രേഡ് 2 തസ്തികയിൽ നിലവിലുള്ള 133 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാറ്റഗറി 415/15 ആയി ടി തസ്തികയിലേയ്ക്ക് പി.എസ്.സി. വീണ്ടും അപേക്ഷ ക്ഷണിക്കുകയും 20/08/2016 ന് പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന നടന്നു വരുന്നു. |
| (സി) റീസർവ്വേ നടപടികൾ ആരംഭിച്ച ഘട്ടത്തിൽ തന്നെ ജോലിക്കാവശ്യമായ സർവ്വേയർമാരുടെ എണ്ണത്തിൽ വന്ന കുറവ് സർവ്വേ ജോലികളെ ബാധിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; കാസർഗോഡ്, ഇടുക്കിൽ ആരംഭിച്ച സർവ്വേ നടപടികൾക്ക് മറ്റുള്ള ജില്ലകളിൽ നിന്നും ആളുകളെ നിയമിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (സി) സർവ്വെയർമാരുടെ കുറവ് റീസർവ്വേ ജോലികളെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാർക്ക് ആനുപാതികമായ പുരോഗതി സർവ്വേ പ്രവർത്തനങ്ങളിൽ കൈവരിച്ചിട്ടുണ്ട്. കാസറഗോഡ് ഇടുക്കി ജില്ലകളിൽ ആരംഭിച്ച റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി മറ്റ് ജില്ലകളിൽ നിന്നും ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. |
| (ഡി) എങ്കിൽ എത്രപേരാണ് ഡെപ്യൂട്ടേഷനിൽ കാസർഗോഡ് ജില്ലയിലേയ്ക്ക് വന്നതെന്ന് | (ഡി) 267 സർവ്വെയർമാർ ഉൾപ്പെടെ 446 ജീവനക്കാരെ കാസറഗോഡ് ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 2013 ൽ 400 |

| | |
|---|---|
| വ്യക്തമാക്കാമോ; 2013 ൽ എത്ര സർവ്വേയർ ഗ്രേഡ് 2 തസ്തികകൾ വെട്ടിക്കുറച്ചിരുന്നു എന്ന് വ്യക്തമാക്കാമോ; | സർവ്വെയർ തസ്തികകൾ വെട്ടിക്കുറച്ചിരുന്നു. |
| (ഇ) വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കാത്തതും പുതിയ നിയമനങ്ങൾ നടത്താത്തതുമാണ് ഇപ്പോൾ സർവ്വേ രംഗത്തുള്ള പ്രതിസന്ധിക്കു കാരണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;<br>(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ വില്ലേജിലും താലൂക്കിലും സർവ്വെയറില്ല എന്ന കാരണം പറഞ്ഞ് അളക്കാൻ പ്രൈവറ്റ് ആളുകളെ നിയോഗിക്കുന്നത് റീസർവ്വേ സ്വകാര്യവത്ക്കരിക്കാൻ പോകുന്നു എന്ന വാർത്ത ദൃഢീകരിക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ? | (ഇ) & (എഫ്) നിലവിലെ ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായ പുരോഗതി സർവ്വേ പ്രവർത്തനങ്ങളിൽ കൈവരിച്ചു വരുന്നു. റീസർവ്വേ സ്വകാര്യവത്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. സമയബന്ധിതമായി റീസർവ്വേ നടത്തുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയുക്തമാക്കുന്നതിനും അതിനായി കേന്ദ്ര എംപാനൽഡ് ഏജൻസികളുടെ സേവനം വിനിയോഗിക്കുന്നതിനുമുള്ള ശുപാർശയടങ്ങുന്ന ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ